**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 309. 09.06.2014 ൽ മറുപടിയ്ക്ക്.

കെ.എസ്.ആർ.ടി.സി.യുടെ ബസ് ചാർജ് വർദ്ധനവും സാമ്പത്തിക പ്രതിസന്ധിയും

| ചോദ്യം<br>ശ്രീ. ചിറയം ഗോപകുമാർ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര തവണ ബസ് ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ടെന്ന വിവരം സംബന്ധിച്ച വിശദാംശം അറിയിക്കുമോ ; | (എ) | മൂന്ന് തവണ.<br>06/08/2011 ലെ ജി.ഒ.(പി) 45/11/ഗതാ. എന്ന സർക്കാർ ഉത്തരവ് പ്രകാരം ഓർഡിനറി, ഫാസ്റ്റ് പാസ്സഞ്ചർ, സൂപ്പർ ഫാസ്റ്റ് വിഭാഗത്തിൽപ്പെടുന്ന സർവ്വീസുകളുടെ മിനിമം നിരക്ക് മാത്രമാണ് വർദ്ധിപ്പിച്ചത്. എന്നാൽ 09/11/2012 ലെ ജി.ഒ.(പി) 65/12/ഗതാ., 19/05/2014 ലെ ജി.ഒ.(പി) 38/14/ഗതാ. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം എല്ലാത്തരം സർവ്വീസുകളുടേയും മിനിമം നിരക്കുകളും കി.മീ. നിരക്കുകളും വർദ്ധിപ്പിക്കുകയുണ്ടായി. |
| (ബി) | ഓരോ തവണയും ബസ് ചാർജ് വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടായിട്ടുള്ള സാമ്പത്തിക നേട്ടം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ ; | (ബി) | 06/08/2011 ലെ ബസ് ചാർജ്ജ് വർദ്ധനവിനെത്തുടർന്ന് കെ.എസ്.ആർ.ടി.സി.യ്ക്ക് 14.88 % ഉം, 09/11/2012 ലെ വർദ്ധനവിനെത്തുടർന്ന് 11.14% വും 19/05/2014 ലെ വർദ്ധനവിനെത്തുടർന്ന് 12.40% ഉം വരുമാനവർദ്ധനവുണ്ടായിട്ടുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് കാലാകാലങ്ങളിലെ ബസ് ചാർജ് വർദ്ധനവ്കൊണ്ട് സാധ്യമാകില്ല എന്ന് ബോധ്യ പ്പെട്ടിട്ടുണ്ടോ ; | (സി) | ഉണ്ട്. |
| (ഡി) | എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പ്രതിസന്ധി സ്ഥായിയായി പരിഹരിക്കത്തക്ക വിധത്തിൽ എന്തെല്ലാം പുതിയ പദ്ധതികൾ ഈ സർക്കാർ നടപ്പാക്കിയിട്ടുണ്ടെന്നറിയിക്കുമോ ? | (ഡി) | കെ.എസ്.ആർ.ടി.സി. നേരിടുന്ന സാമ്പത്തിക പ്രതിസന്ധി മറികടന്നു കൊണ്ട് കോർപ്പറേഷനെ പുനരുദ്ധരിച്ച് ലാഭത്തിലേക്ക് നയിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജ് (Revival Package) തയ്യാറാക്കി, അതിന് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ടി പാക്കേജിൽ പെൻഷൻ വിതരണം |

| | | | |
|---|---|---|---|
| | | | കൃത്യമായി നടത്തുന്നതിനായി എംപ്ലോയീസ് പെൻഷൻ ഫണ്ട് ട്രസ്റ്റ് രൂപീകരിച്ച് പ്രസ്തുത ഫണ്ട് മുഖേന പെൻഷൻ വിതരണം നടത്താമെന്നത് സംബന്ധിച്ച പദ്ധതിയും കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും എടുത്ത 1300 കോടി രൂപയുടെ വായ്പാ സാധ്യത എൽ.ഐ.സി., എസ്.ബി.ഐ. പോലുള്ള ധനകാര്യ സ്ഥാപനങ്ങളിലേക്ക് കുറഞ്ഞ പലിശ നിരക്കും കൂടിയ തിരിച്ചടവ് കാലാവധിയുമുള്ള വായ്പയാക്കി മാറ്റുന്നതിനായുള്ള പദ്ധതിയും, ജീവനക്കാരും വാഹനങ്ങളുമായുള്ള അനുപാതം കുറച്ച് ചെലവ് കുറയ്ക്കുന്നതിനായുള്ള പദ്ധതിയും നിലവിലുള്ള ആസ്തിമൂല്യം പുനർനിർണ്ണയിച്ച് കോർപ്പറേഷന്റെ മൂല്യം ഉയർത്തുന്നതിനായുള്ള പദ്ധതിയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ടി പാക്കേജിൻ പ്രകാരം കെ.റ്റി.ഡി.എഫ്.സി. വായ്പകൾ എസ്.ബി.ഐ., എൽ.ഐ.സി. തുടങ്ങിയ ധനകാര്യസ്ഥാപനങ്ങളെക്കൊണ്ട് ഏറ്റെടുക്കുന്നതിലേക്കായി ചർച്ചകൾ നടത്തി വരികയാണ്. കോർപ്പറേഷൻ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി 10 മൾട്ടി ആക്സിൽ വോൾവോ എ.സി. ബസ്സുകൾ വാങ്ങി, അന്തർ സംസ്ഥാന സർവ്വീസ് നടത്തിപ്പിനായി അനുവദിച്ചിട്ടുണ്ട്. കൂടാതെ കോർപ്പറേഷന്റെ ബസ്സുകളിൽ ജി.പി.എസ്./ആർ.എഫ്.ഐ.ഡി. സംവിധാനം നടപ്പാക്കുന്നതിലേക്കായി കെൽട്രോണുമായി ചർച്ചകൾ അവസാന ഘട്ടത്തിലാണ്. പുനരുദ്ധാരണ പാക്കേജ് നടപ്പാക്കുന്ന മുറയ്ക്ക്, കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ട് ക്രമേണ ലാഭത്തിലേക്ക് എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ.